പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1720 13.07.2011 - ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും കോർപ്പറേഷന്റെ കീഴിലുള്ള വിവിധ സ്പിന്നിംഗ് മില്ലുകളിലും മറ്റ് യൂണിറ്റുകളിലും മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങളുടെ വിശദാംശം

**ചോദ്യം**

ശ്രീ.സി. മമ്മൂട്ടി

**ഉത്തരം**

ശ്രീ പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും, നഗരകാര്യവും വകുപ്പു മന്ത്രി)

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും കോർപ്പറേഷന്റെ കീഴിലുള്ള വിവിധ സ്പിന്നിംഗ് മില്ലുകളിലും മറ്റ് യൂണിറ്റുകളിലും മുൻ സർക്കാരിന്റെ കാലത്ത് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ കാറ്റഗറി തിരിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിലും അതിന്റെ നാലു യൂണിറ്റുകളിലുമായി സ്ഥിരം/ താൽക്കാലികം/ കാഷ്വൽ/ആശ്രിത നിയമനം എന്നീ വിഭാഗങ്ങളിലായി നടത്തിയ 303 നിയമനങ്ങളുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് താഴെക്കൊടുത്തിരിക്കുന്നു.

1. Top Level Executive Category -5
2. Middle Level Executive Category -6
3. Staff Category -15 (Employment Exchange -13 Dying- in-Harness -1, Casual -1)
4. Worker Category -277 ((Employment Exchange -1 , Dying- in-Harness -1, Casual -1 Badali Workers - 273 )

ഇതു കൂടാതെ വിവിധ കാറ്റഗറികളിലായി 41 കോൺട്രാക്റ്റ് നിയമനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ജീവനക്കാരെ പുതുതായി നിയമിച്ചതിന്റെ ഫലമായി കോർപ്പറേഷൻ നഷ്ടത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരെ പുതുതായി നിയമിച്ചതിന്റെ ഫലമായി കോർപ്പറേഷൻ നഷ്ടത്തിലായിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാരെ പുതുതായി നിയമിക്കുന്നതിന് പരീക്ഷ നടത്തിയാണോ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്; എങ്കിൽ ഏത് ഏജൻസി വഴിയാണെന്ന് വെളിപ്പെടുത്തുമോ; അങ്ങനെ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് മുഴുവൻപേരെയും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽകാരണംവെളിപ്പെടുത്തുമോ?

(സി) കോർപ്പറേഷന്റെ എല്ലാ സ്ഥിര നിയമനങ്ങൾക്കും പത്രത്തിൽ പരസ്യം നൽകിയതിനുശേഷം സർക്കാർ നോമിനി അടങ്ങുന്ന ബോർഡിന്റെ സബ്കമ്മിറ്റിയും, സാങ്കേതിക വിദഗ്ദ്ധരും അടങ്ങുന്ന ഒരു കമ്മിറ്റി ഇന്റർവ്യൂ നടത്തിയാണ് റാങ്ക്ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കോർപ്പറേഷൻ പുതുതായി ആരംഭിക്കുന്ന യൂണിറ്റുകളിലേയ്ക്ക് കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിൽ പരീക്ഷ നടത്തി തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ നിന്നാണ് നിയമനം നൽകിയിട്ടുള്ളത്. നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ റാങ്ക്ലിസ്റ്റിൽപ്പെട്ട മുഴുവൻപേർക്കും നിയമനം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ